ശ്രീ. കെ. എം. കോര : ഗവർമ്മെൻറ സഹായത്തിനുപയോഗിച്ച് കൂടുതൽ സബ്സിഡി ലഭിക്കുവാൻ ഇൻഡ്യാഗവർമ്മെൻറിനെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

Sri. P. S. Nataraja Pillai: May I know the actual amount promised as subsidy by the Government of India?

Sri. K. M. Korah: 288 and odd lakhs of rupees.

Sri. Eapen Arakkal: May I know the amount available from the Government of India?

Sri. K. M. Korah: That is what I said just now.

Sri. P. S. Nataraja Pillai: Is it not the loss of this budget year?

Sri. K. M. Korah: It is from January up to the end of July.

ശ്രീ. ഈപ്പൻ അറക്കൽ: ഈ നഷ്ടം ഫൻ ൫ ൦-ൽ ഉണ്ടായ നഷ്ടമാണോ?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ നഷ്ടം പരിഹരിക്കുവാൻ വേണ്ടി അരിയുടെ വില കൂട്ടണമെന്ന ഇൻഡ്യാഗവർമ്മെൻറിൽ നിന്നും വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അതുസംബന്ധിച്ചും ചില ഡയറക്ഷൻസ് കിട്ടിയിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതിനെപ്പറ്റി ഗവർമ്മെൻറ് എന്തു ചെയ്യുവാനാണ് തീരുമാനിച്ചിരിക്കുന്നത്?

ശ്രീ. കെ. എം. കോര: ആലോചിച്ചുകൊണ്ടിരിക്കുന്നു.

Sri. N. D. Jose: What is the nature of the directions that have been received from the Government of India?

Sri. K. M. Korah: As in other States and Provinces the price of rice should be raised.

മെഡിക്കൽ കോളേജിലെ തെരഞ്ഞെടുപ്പ്

*൩൮. (൯൦) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചിക്ക് വെളിയിലുള്ള മെഡിക്കൽ കോളേജുകളിലേക്ക് തിരഞ്ഞെടുത്തയക്കപ്പെട്ടിട്ടുള്ളവരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് എങ്ങിനെ എന്ന് പറയുവാൻ ദയവുണ്ടാകുമോ;

(ബി) തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കോളേജിൽ പട്ടികജാതിക്കാർക്ക് എത്ര സീറ്റ റിസർവ്വ് ചെയ്തു എന്നും, അവരിൽ എത്ര അപേക്ഷകർ ഉണ്ടായിരുന്നു എന്നും, പ്രവേശനം എത്രപേർക്ക് നൽകി എന്നും പറയുവാൻ ദയവുണ്ടാകുമോ;

(സി) മെഡിക്കൽ കോളേജിൽ ഈ വർഷം എത്രപേർക്ക് പ്രവേശനം നൽകി എന്നും അവരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് എങ്ങിനെയെന്നും പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) കാൽഡിയൻ സിറിയൻ ക്രിസ്ത്യൻ ൧
ഈഴവൻ ൧
നായർ ൧

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതിക്കാർക്കും പിന്നോക്ക സമുദായക്കാക്കും കൂടെ ൫ സീറ്റ സംവരണം ചെയ്തിരുന്നു. യോഗ്യതയുടെ മാനദണ്ഡത്തിൽ പ്രാതിനിദ്ധ്യ ക്കുറവുവന്ന സമുദായങ്ങളെ ഉദ്ദേശിച്ച് ൧ ൫ സീറ്റുകൂടെ പിന്നീട സംവര ണം ചെയ്തു. ആദ്യത്തെ ൫ സീറ്റിനു് ഉദ്ദേശിച്ചിരുന്ന സമുദായങ്ങളിൽനിന്നു ൻ അപേക്ഷകർ ഉണ്ടായിരുന്നു. ൫ പേക്ക് പ്രവേശനം നൽകി.

(സി) ന്യ ൦ പേക്ക്. അവരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ്:

മുസ്ലീം	ന
നായർ	൧ ൫
ബ്രാഹ്മണർ	൪
റോമൻ കത്തോലിക്കർ	൭
ജാക്കബൈറ്റ്	൪
ആംഗ്ലിക്കൻ	൨
എസ്സ്. ഐ. യു. സി.	൧
മാത്തമൈറ്റ്	ന
ലാറ്റിൻ കത്തോലിക്കർ	ന
ഈഴവൻ	൧ ൦
മറ്റ ഹിന്ദു	൧
കമ്മാളൻ	൧
നാടാർ	൧
പുലയർ	൧
ചേരമർക്രസ്ത്യൻ	൧
വാലൻ	൧
അരയൻ	൧
ക്ഷുരകൻ	൧
	ന്യ ൦

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: ൧ ൫ സീറ്റ സംവരണം ചെയ്ത എന്നു പറയുന്നതു് ഏതെല്ലാം സമുദായങ്ങളെ ഉദ്ദേശിച്ചാണു്?

ശ്രീ. സി. കേശവൻ: ഉദ്യോഗകാര്യത്തിൽ പിന്നോക്കം നിൽക്കുന്ന എന്നു ഗവൺമെൻറിനു തോന്നിയിട്ടുള്ള സമുദായങ്ങളെ ഉദ്ദേശിച്ചു്.

ശ്രീ. പി. കെ. കുഞ്ഞൻ ശാസ്ത്രി: പട്ടിക ജാതിക്കാക്കും മറ്റ പിന്നോക്ക സമുദായക്കാക്കുംകൂടി മതമിച്ചു് ഈ സീറ്റകൾ കണക്കാക്കുവാനുള്ള കാരണ മെന്താണു്?

ശ്രീ. സി. കേശവൻ: വിദ്യാഭ്യാസവിഷയത്തിൽ പിന്നോക്കം നിൽ ക്കുന്ന സമുദായക്കാർക്കാണു ഈ സീറ്റകൾ സംവരണം ചെയ്തിട്ടുള്ളതു്. അ തിൽ പട്ടിക ജാതിക്കാരും ഉൾപ്പെട്ടും.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: മേലാലെങ്കിലും പട്ടിക ജാതിക്കാക്കു് പ്രത്യേകം സംവരണം ചെയ്യാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: മേലാലുള്ള കാര്യങ്ങൾ അപ്പോഴുള്ള രീതനുസരി ച്ചു ചെയ്യുന്നതാണു്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: സീറ്റകൾ ഇങ്ങനെ മതമിച്ചു സംവര ണം ചെയ്യുന്നതുകൊണ്ടു് പിന്നോക്ക സമുദായക്കാരിൽ വിദ്യാഭ്യാസവിഷയ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ മുന്നോക്കം നിൽക്കുന്ന ചില പ്രത്യേക സമുദായങ്ങൾക്ക് കൂടുതൽ ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന ഗവൺമെൻറിന് അറിയാമോ?

ശ്രീ. സി. കേശവൻ : അതേപ്പറ്റി ഗവൺമെൻറ പ്രത്യേകം നോക്കുന്നുണ്ട്. ഒരു തരത്തിലും പട്ടിക ജാതിക്കാർക്ക കിട്ടേണ്ട ആനുകൂല്യം ഇതുകൊണ്ട നഷ്ടപ്പെടുന്നതല്ല.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി : പട്ടിക ജാതിക്കാരിൽ നിന്നും ൻ അപേക്ഷകൾ ഉണ്ടായിരുന്നിട്ട് അവരിൽ ഒന്നോ രണ്ടോ പേർക്കല്ലാതെ പ്രവേശനം ലഭിച്ചിട്ടില്ലെന്നുള്ളതു അറിയാമോ?

ശ്രീ. സി. കേശവൻ : അതു ശരിയല്ല. ഈ പേക്ട് പ്രവേശനം സിദ്ധിച്ചിട്ടുണ്ട്.

Sri. K. Sivarama Pillai: Are the Government aware that no candidate was selected either from Tovala or Agastiswaram?

ശ്രീ. സി. കേശവൻ : ഭൂമിശാസ്ത്രപരമായി സീറ്റുകൾ സംവരണം ചെയ്തിട്ടില്ല.

Sri. K. Sivarama Pillai: If communal considerations are taken, has any community been omitted?

ശ്രീ. സി. കേശവൻ : അതു് അപേക്ഷ വരുന്നതിനെക്കുടി പരിഗണിച്ചു നിശ്ചയിക്കേണ്ടതാണ്. എല്ലാ സമുദായങ്ങളിൽനിന്നും അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിൽ അങ്ങനെ തീരുമാനിക്കാം.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : ഈ സീറ്റുകൾ പട്ടിക ജാതിക്കാക്ക് കൊടുത്തു എന്നു പറഞ്ഞതല്ലോ. ഏതെല്ലാം സമുദായങ്ങൾക്കാണ കൊടുത്തിട്ടുള്ളതു?

ശ്രീ. സി. കേശവൻ : നാടാർ, പുലയൻ, ചേരമർ കുന്നുവൻ, വണ്ണൻ, ക്ഷുരകൻ.

ശ്രീ. സി. വി. ഇയ്യു : പഴയ കൊച്ചി വിഭാഗത്തിൽനിന്നും ഉദ്ദേശം എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം കിട്ടിയുണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ : നോക്കിയിട്ടില്ല.

ஸ்ரீ. ஆர். கே. ராம் : திருவிதாங்கூர் தமிழ் நாட்டிலிருந்து எத்தனை அபேட்சைகள் வந்தது? அதிலிருந்து எவ்வளவு பேர்கள் எடுக்கப்பட்டிருக்கிறார்கள்?

ശ്രീ. സി. കേശവൻ : അങ്ങനെ ഒരു വിഭജനം ചെയ്തിട്ടില്ല.

Sri. R. K. Ram: May I know how many candidates applied from Tamil Nad?

ശ്രീ. സി. കേശവൻ : റിജിയണൽ ആയിട്ട് തമിഴ് നാട് എവിടെയാണെന്നു വ്യാഖ്യാനിക്കത്തക്ക യാതൊരു രേഖയും ഗവൺമെൻറിനില്ല.

Sri. R. K. Ram: Sir, on a point of order. Is it in order to give such an answer by the Chief Minister?

Sri. C. Kesavan : I believe I was plain enough. തമിഴ്നാട് എതാണെന്നു ഗവൺമെൻറിനു് അറിവില്ല.

Sri. R. K. Ram: I want to know whether there is not a candidate in the southernmost parts of Travancore who is qualified for admisson to the Medical College?

Sri. C. Kesavan: That question does not arise. There is no geographical division by the name of "Tamil Nad"

LIBRARY ARCHIVES Kerala Legislative Assembly